ഉത്തരം

19-1-2015-ലെ ജി.ഒ.(എംഎസ്.)15/2015/ഉ.വി.വ. ഉത്തരവ് പ്രകാരം എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷന് മിനിമം മാർക്ക് നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.* മിനിമം മാർക്ക് സമ്പ്രദായം അവസാനിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ബി.ടെക് കോഴ്സ്

108 (1144) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ഏതെല്ലാം കോഴ്സുകൾ ആണ് നിലവിലുള്ളത് ;

(ബി) ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് ബി.ടെക് കോഴ്സ് ആരംഭിക്കുന്നതിന്റെ നടപടിക്രമം ഏതുവരെയായി എന്ന് വ്യക്തമാക്കുമോ ;

(സി) അടുത്ത അദ്ധ്യയന വർഷം വിദ്യാർത്ഥികളെ പ്രസ്തുത കോഴ്സിൽ പ്രവേശിപ്പിക്കുന്ന രീതിയിൽ കോഴ്സിന് സാമ്പത്തികാനുമതി നൽകുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകളിൽ ബി.ടെക് കോഴ്സും കമ്പ്യൂട്ടർ സയൻസ് ബ്രാഞ്ചിൽ കമ്പ്യൂട്ടേഷൻ ലിംഗ്വിസ്റ്റിക്സ് എന്ന എം.ടെക്ക് കോഴ്സും നിലവിൽ ഉണ്ട്.

(ബി&സി) ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് ബി.ടെക് കോഴ്സ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly